KKKPMGHSS Ambalapuzha

# തിരകൾ




# Table of Contents

ആമുഖം....3
ഹെഡ്മിസ്ട്രസ് സന്ദേശം....4
അമ്മ....8
പി .എൻ. പണിക്കർ....9
വിരഹം....12
ഭക്ഷണവും പച്ചക്കറികളും....13
ഗ്രാമഭംഗി....15
മൊഴിമുത്തുകൾ....16
മരം ജീവന്റെ ശ്വാസം....18
ശാസ്ത്ര നാമം....19
ഒരു കുഞ്ഞിന്റെ ഡയറികുറിപ്പ്....20
ജ്ഞാനത്തിന്റെ ഉറവിടം പുസ്തകതാളുകൾ മറിക്കവേ ഓരോ അക്ഷരങ്ങൾ വായിക്കവേ അറിവിന്റെ അഗാധത്തിലേക്ക് നമ്മെ നയിക്കുന്ന ഒരു ചെറു വഞ്ചിയാകുന്നു പുസ്തകം അതിൽ പേറി നാം സഞ്ചരിക്കവേ എതിപ്പെട്ടുന്നതല്ലോ ഒരു അറിവിൻ തുരുത്തിൽ ! തുരുത്തിലാണേൽ വിജ്ഞാന ജ്വാല- തൻ പ്രകാശ പൂരിതമാം വെളിച്ചത്തിൽ ഇമചിമ്മാതെ അറിവ് ജ്ഞാനസ്ഥ- മാക്കുന്ന കുഞ്ഞു കിടാങ്ങൾ നമേവരും ഒത്തുചേർന്ന് ഒരു പുസ്തക വഞ്ചിയിൽ യാത്രചെയ്യാം അറിവിൻ ലോകത്തെ നാമേവരും ചേർന്ന് സ്വന്തമാക്കാം....23
CaLaNdErRRRR...........MAGIC....24
എപിജെ അബ്ദുൾകലാം....25
വംശനാശം നേരിടുന്ന വന്യജീവികൾ....27
Editorial Board....29

**ആമുഖം**

തിരയടങ്ങാത്ത കടൽ സങ്കല്പിക്കാനാകുമോ? അത് പോലെ തന്നെയാണ് ജീവിതവും. കുട്ടികളുടെ സ്വപ്നങ്ങളും മോഹങ്ങളും തിരകൾ പോലെ എണ്ണിത്തീർക്കാൻ പറ്റാത്തതാണ്. ഞങ്ങൾ കെ . കെ . കെ .പി . എം ജി.എച്ച് എസ് ലെ ലിറ്റിൽ കൈറ്റ് സ് 2019- 2021 വർഷത്തെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ' തിരകൾ' ആണിത്. വിദ്യാർത്ഥികളിലെ സാങ്കേതിക മികവുകളേയും സർഗ വാസനകളേയും മിനുക്കിയെടുക്കാനുതകുന്ന ഈ മാഗസിൻ പുതിയൊരു അനുഭവം തന്നെയാണ് നൽകിയത് .ഇതിൽ വിദ്യാർത്ഥികളിലെ കല,സാഹിത്യ ശാസ്ത്രനുഭവങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഐ ടി അധിഷ്ഠിത പഠനത്തിൽ മികവ് തെളിയിക്കാനും താല്പര്യം ജനിപ്പിക്കാനും ഈ മാഗസിന് കഴിഞ്ഞിട്ടുണ്ട്.



# ഹെഡ്മിസ്ട്രസ് സന്ദേശം

കെ കെ കുഞ്ഞുപിള്ള മെമ്മോറിയൽ ഹൈസ്കൂൾ ലിറ്റിൽ

കൈറ്റ്സ് കുട്ടികൾ തയാറാക്കിയ ഈ ഡിജിറ്റൽ

മാഗസിൻ,കുട്ടികളിലെ സർഗവാസനകളെ ഉണർത്തുന്നതിലുപരി

ഇത് തയ്യാറാക്കിയ കുട്ടികൾക്കു അവരുടെ ഐ ടി

അധിഷ്ഠിതമായ വിദ്യാഭ്യാസത്തിലൂടെ നേടിയ മികവ് തെളിയിക്കാൻ ഈ ഒരു സംരംഭത്തിനു സാധിച്ചു.ഇത് നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ മികവ് തെളിയിക്കാൻ കൂടി ഇതിലൂടെ സാധിക്കുന്നു.ഈ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

റണിക്കുട്ടി സേവ്യർ

# അമ്പലപ്പുഴയുടെ ചരിത്രം



ആലപ്പുഴ ജില്ല ആസ്ഥാനം ഉൾകൊള്ളുന്ന താലൂക്കാണ് ലപ്പുഴ .ചരിത്രപരമായി വളരെ പ്രാദാന്യമുള്ള ഒരു പ്രദേശമാണ് അമ്പലപ്പുഴ .ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ ഈ പ്രദേശം ഐതിഹാസികമായ ഒട്ടേറെ സമരങ്ങൾക് സാക്ഷ്യം വഹിച്ചു .ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ചുവന്ന ഏടായ പുന്നപ്ര വയലാർ സമരം ,പുന്നപ്ര അമ്പലപ്പുഴ താലൂക്കിന്റെ ഭാഗമാണ് .അമ്പലപ്പുഴ ശ്രീ കൃഷ്ണ ക്ഷേത്രം പ്രശസ്തമാണ് .കേരളത്തിൽ പ്രധാനപ്പെട്ട മൂന്ന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഒന്നാണിത് .ഗുരുവായൂർ,ആറന്മുള എന്നിവയാണ് മറ്റുള്ളവ .എ ഡി 1545 ൽ

ചെമ്പകശ്ശേരി രാജാവായിരുന്ന ദേവനാരായണനാണ് ഈ ക്ഷേത്രം പണികഴിപ്പിച്ചത് .മഹാകവി കലക്കത്ത് കുഞ്ചൻ നമ്പ്യാർ തന്റെ യൗവനത്തിൽ അമ്പലപ്പുഴയിൽ താമസിച്ചിരുന്നു തുള്ളലിന്റെ ജന്മനാട് കൂടിയാണ്അമ്പലപ്പുഴ.കൂടാതെ പാല്പായസത്തിന്റെ പേരിലും അമ്പലപ്പുഴ പ്രശസ്തമാണ് .

# അമ്മ

തീരം തഴുകും തിരകൾപോലെ

എന്നെ തഴുകും എന്നമ്മ

കടലിൻ തിരപോൽ ശാന്തം

ചിലപ്പോൾ സുനാമി പോലെന്നമ്മ

കടലിന്നാഴമളക്കാൻ പറ്റും

എന്നാൽ

അമ്മ തൻ സ്നേഹമളക്കാമോ.......

അമ്മ തൻ ജീവീതം നമുക്കായി

നൽകി അമ്മ എന്നും ഉമ്മ നൽകി

വരിപ്പുണർന്നമ്മ നെഞ്ചിലേറ്റി

ഉറവ വറ്റാതൊരു കനിവിന്റെ രൂപം

എന്നമ്മ എന്നെന്നും എന്റെ പുണ്യം

അഞ്ജന.ലാൽ.IX

**പി .എൻ. പണിക്കർ**



പുതുവായിൽ നാരായണപണികർ എന്നാണ് പി എൻ പണിക്കരുടെ പൂർണമായ പേര് ആലപ്പുഴ ജില്ലയിലെ നിലമ്പൃരിലാണ് ജന്മസ്ഥാലം കേരളത്തിൽ ഗ്രന്ഥാഷലകൾ പണിക്കർ എന്ന മഹത് വെയ്ക്ക്തിയ്ണ് അദേഹത്തിന്റെ ചാരമാദിനമായി ജ്രൂണ് 19 എല്ല വർഷവും വയനദിനമായി ആചരിക്കുന്നു ജ്രൂണ് 19 മുതൽ 25 വരെയുള്ള ഒര ആഴ്ച്ച വായനവരമാണ് 1926 അദ്ദേഹം തന്റെ ജന്മനാട്ടിൽ സനാതനധർമ്മം എന്ന വായനശാല സ്ഥാപിച്ചു ഗ്രന്ഥശാല

പ്രസ്ഥാനത്തിന്റെ നായകൻ കാൻഫെഡിന്റെ നയെകൻ തുടങ്ങിയ ഒട്ടനവധി സംഭാവനകൾ മലയാളത്തിന് നൽകി .1945 -ൽ അമ്പലപ്പുഴ പി.കെ മെമ്മോറിയൽ ഗ്രന്ഥശാലയിൽ വച്ച് അദ്ദേഹം വിളിച്ചു ചേർത്ത തിരുവിതംകുർ  ഗ്രന്ഥശാലാ സംഗം രൂപീകർണയോഗത്തിൽ 47 ഗ്രന്ഥശാലകളുടെ പ്രതിനിധികൾ പങ്കെടുത്തു. പി എൻ പണിക്കർ അധ്യാപകനായി പ്രവർത്തിച്ചിരുന്നു. അമ്പലപ്പുഴ ഗവ . എൽ .പി. സ്കൂൾ അദ്ദേഹത്തിന്റെ സ്മരണക്കായി പി എൻ പണിക്കർ സ്മാരക ഗവ. എൽ.പി സ്കൂളായി 2014 ൽ വിദ്യാഭ്യാസ വകുപ്പ് പുനനാമകരണം ചെയ്തു.

# വിരഹം

തിരയുന്നു നമ്മൾ പുതു ജീവിതം
തിരിയുന്നു നമ്മൾ പല പാതയിൽ
അകലുന്നു നമ്മൾ മറയുന്നു നമ്മൾ
ഇനി എന്നു കാണും ഹൃദയത്തിൻ കോണിൽ
അറിയാത്ത ഗദ്ഗദം പറയാതെ എത്രയോ
കണ്ടില്ലേ നമ്മൾ ഒരു നാളിലെന്നോ
അടുത്തില്ലേ നമ്മൾ പലനാൾ ചേർന്നു
പിരിഞ്ഞില്ലേ നമ്മൾ കാരയുന്നൊരീദിനം
പിന്നെ നമോർക്കുമോ പിന്നിട്ടൊരവഴികൾ
പിന്നെ നമോർക്കുമോ കോഴിഞ്ഞൊരാ സുദിനങ്ങൾ ..........
ഭണ്ഡങ്ങളെല്ലാം ഒതുക്കി നാം ഭദ്രമായി
വഴിയാമ്പലം തേടി അണയുന്നു വീണ്ടും
വീണ്ടും
തിരയുന്നു നമ്മൾ പുതു ജീവിതം
തിരിയുന്നു നമ്മൾ പല പാതയിൽ

റാഷിദ പി ജെ

**ഭക്ഷണവും പച്ചക്കറികളും**

നമ്മുടെ ഭക്ഷണത്തിൽ ഒഴിവാക്കാനാകാത്തതാണ പച്ചക്കറികൾ.ശരീരത്തിന് ആവശ്യമായ വസ്തുക്കളും മറ്റും പച്ചക്കറികളിലുണ്ട്.സസ്യാഹരത്തെക്കാൾ മാംസാഹാരം ഇഷ്ടപ്പെടുന്നവരാണ് നമ്മളിൽ പലരും.എന്നാൽ മാംസാഹാരത്തെക്കാൾ ഏറെ പോഷകാംശമുള്ളതും എളുപ്പത്തിൽ ദഹിക്കുന്നതും  ഔഷധഗുണമുള്ളതും സസ്യാഹരമാണെന്നും കുട്ടുകാർക്കറിയാമോ?



പച്ചക്കറികൾ എല്ലാം നമ്മുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്താം.എന്നാൽ നമ്മൾ കടയിൽ നിന്നു വാങ്ങുന്ന പല പച്ചക്കറികളും കീടനാശിനികളുടെ വിഷാംശം നിറ ഞ്ഞതാണ്.കടയിൽ നിന്ന് വാങ്ങിയവ നന്നായി കഴുകാതെ പാകം ചെയ്യുന്നത് അപകടകരമാണ്.മിക്കവാറും പച്ചക്കറികൾ നമ്മുടെ നാട്ടിൽ കാണും.നിങ്ങളുടെ വീട്ടിലും സ്കൂളിലും സാധിക്കുന്നിടത്തോളം പച്ചക്കറികൾ കൃഷി ചെയ്യണം.കുറച്ചൊക്കെ പുഴുവും കീടങ്ങളും നശിപ്പിച്ചേക്കാം.നിരാശ പാടില്ല ,പല പച്ചക്കറികളും ജൈവകൃഷിയിൽ നല്ല വിളവ് തരും.

രശ്മി.എസ് . IX

**ഗ്രാമഭംഗി**

മരത്തിൻ തണലിലും

താഴ്വരത്തിലും വസിക്കുന്നതല്ലയോ

മഹാഭാഗ്യം. അഴുക്കുമില്ല

പൊടിയുമില്ല മലിനികരണമോ

ഏതുമില്ല .ഗ്രാമമേ നിൻ ഭ്രമി

സ്വർഗഭ്രമി ഗ്രാമമേ നീ ഒരു

നല്ല വീട് ഗ്രാമവാസികൾ

സോദരരായി വാഴും ജാതി മത

ഭേദമേതുമില്ല കാറ്റിൻ സുഗന്ധവും


പുഴതൻ സംഗീതവും

പൂക്കൾ തൻ സൗരഭ്യവും

ആസ്വദിക്കാം



**മൊഴിമുത്തുകൾ**



ഒരു നല്ല വീടിനു തുല്യം വെക്കാൻ

ലോകത്തൊരു സ്കൂളുമില്ല

നന്മയുള്ള മാതാപിതാക്കൾക്ക്

തുല്യം വെക്കാൻ ലോകത്തൊരു

അധ്യാപകനുമില്ല **മഹാത്മാ ഗാന്ധി**



ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം

നമ്മുടെ ഉറക്കം

നഷ്ട്ടപ്പെടുത്തുന്നതാണ് യഥാർത്ഥ

സ്വപ്നം **-എ പി ജെ അബ്ദുൽ കലാം**

ലോകം മാറ്റിമറിക്കാൻ

നിങ്ങൾക്ക് ഉപയോഗിക്കാവുന്ന

ഏറ്റവും ശക്തമായ ആയുധമാണ്

# വിദ്യാഭ്യാസം
# നെൽസൺ മണ്ടേല

**മരം ജീവന്റെ ശ്വാസം**




മരം ഒരു വരം

മരം മുറിക്കരുത്

മരം ശുദ്ധ വായു തരുന്നു

മരം അല്ല വരം മഴയാണ് വരം

**ശാസ്ത്ര നാമം**

നെല്ല് -oryza sativa

മക്കച്ചോളം-zea Mays

ചാമ-panicum sumatrense

വരഗ്-paspalum scrobiculatom

കൂവരഗ്-Eleusine coracana

<u>പയർ വർഗ്ഗങ്ങൾ</u>

വൻപയർ-Vignaunguiculata

ചെറുപയർ-Vigna radiata

തുവര-cajanus cajan

ഉഴുന്ന്-Vigna mungo

മുതിര-Macrotyloma uniform

**<u>കിഴങ്ങു വർഗ്ഗങ്ങൾ</u>**

മരച്ചീനി-ManihotEsculenta

മധുരക്കിഴങ്ങ്-lpmia batatas

കാച്ചിൽ-Dioscora alaba

# ഒരു കുഞ്ഞിന്റെ ഡയറികുറിപ്പ്

ഇന്നത്തെ ദിവസം എനിക്കെന്താ സംഭവിച്ചതെന്ന് എനിക്ക് തന്നെ അറിയില്ല. സ്വസ്ഥമായി ശാന്തമായി ആർക്കും ശല്യമവാതെ ഒരിടത്തും ചുരുണ്ടു കൂടി കിടക്കുകയായിരുന്ന ഞാൻ .സമയത്തിനു എനിക് ആഹാരവും കിട്ടിപൊന്നു. പെട്ടന്നാണത് സംഭവിച്ചത്.

ഭയകരമായ ശബ്ദം. ചുറ്റിനും അരക്കയോ നിൽക്കുന്നു.എല്ലാവരും എന്തോ കൊണ്ട് മുഖം മറച്ചിരിക്കുകയാണ്.ഭയങ്കരമായ ശബ്ദം എന്റെ ചെവിയെ അസ്വസ്ഥത പ്പെടുത്തി. ഞാൻ കരഞ്ഞു.ഒരു സ്ത്രീ വെളുത്ത ഉടുപ്പ് ധരിച്ച,തലയിൽ എന്തോ വെച്ച ഒരു സ്ത്രീ എന്നെ ഒരുടത്തേക് കൊണ്ട് പോയി .എവിടെകനാണ് എന്നു അറിഞ്ഞില്ല എന്റെ ശരീരത് ചോരപട്ടിയിരിപ്പുണ്ടാർന്നു.അവർ എന്റെ ദേഹത്തു വെള്ളം ഒഴിച്ചു കുളിപ്പിച്ചു.ചെറിയൊരു തണപ്പ് പോലെ.എനിക്കു ഉടുപ്പിട്ടു തന്നു.അവരു ഇട്ടിരിക്കുന്ന വെള്ള കുപ്പായം. എന്നിട്ട് എന്നെ ഒരു സ്ത്രീയുടെ അരുകിൽ കിടത്തി അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരിക്കും എന്തിനാണ് ഇവർ കരയുന്നത്?

ആകെ തളർന്നു വാടിയ അവരുടെ അടുത്ത കിടന്നപ്പോൾ ഞാൻ മുമ്പു അനുഭവിച്ച ലോകം ഒന്നു മിന്നിമറഞ്ഞു.പിന്നീടാണ് എനിക്ക് മനസ്സിൽ ആയത് അത് എന്റെ ഉമ്മയാണ് എന്ന്. അവർ എനിക് പാല് തന്നു.പിന്നിട് ഒരു സ്ത്രീ നേരത്തെ കുളിപ്പിക്കാൻ കൊണ്ടുപോയവർ തന്നയായിരിക്കും.എന്തോ എല്ലാവരും ഒരേ പോലെ എനിക് തോന്നി

അവർ എന്നെ എന്തോ ഒരു വലിയ തുണിയിട്ടു പുതപ്പിച്ചു. എനിക്ക് തണുപ്പിൽ നിന്നു ആശ്വാസം കിട്ടി .എന്നെ അവർ എവിടേക്കോ കോണ്ടുപോയി.ഒരു കതക് തുറന്നു. ഒരുപാട് ആളുകൾ നിറഞ്ഞ ചിരിയോടെ എന്റെ അടുത്ത് വന്നു . ആരൊക്കെയാണ് ഇവർ? എന്നിട്ട് എന്നെ ഒരു പുരുഷന്റെ കയ്യിൽ കൊടുത്തു.ആദ്യമായി ഒരു പുരുഷന്റെ ചൂട് ഞാൻ അനുഭവിച്ചു."പെൺകുഞ്ഞാ"

"മാഷാ അല്ലാഹ്"

അയാൾ എന്റെ മുഖത്തേക്ക് നോക്കി.

"വാപ്പിടെ പൊന്നുമോളെ...."

"തക്കുടു വാവേ"

പിന്നീട് ഓരോരുത്തരായി എന്നെ മാറിമാറി എടുത്തു. എല്ലാവരും വന്ന് എനിക്ക് പരിചയപ്പെടുത്തി തന്നു. പക്ഷെ, എനിക്കൊന്നും മനസിലായില്ല. എന്നെപ്പോലുള്ള വേറെ കുഞ്ഞുങ്ങളെ ആ വെള്ള ഉടുപ്പിട്ട സ്ത്രീ കൊണ്ടുവരുന്നത് കണ്ടു.അവരുടെ അടുത്തേക്ക് ഒരു കൂട്ടം ആളുകൾ ചെന്നു.പക്ഷെ ഇവരൊന്നും അത് ശ്രദ്ധിക്കാത്തതെന്താ?

പെട്ടെന്ന് വലിയ പെട്ടിപോലിരിക്കുന്ന ഒരു സാധനത്തിൽ ഇരുന്ന് ഒരു സ്ത്രീ പറയുന്നത് കേട്ടു.

"ബ്രേക്കിംഗ് ന്യൂസ്, ജമ്മുകശ്മീരിൽ കടുവ ഗ്രാമത്തിൽ ആസിഫ എന്ന പേരുള്ള എട്ട് വയസ്സുകാരിയെ നിഷ്ഠൂരമായി പീഡിപ്പിച്ച കൊലപ്പെടുത്തി." പടച്ചോനെ.........

എല്ലാവരും നെഞ്ചത്തു കൈ വെച്ചു.

ആ വെള്ള ഉടുപ്പിട്ട സ്ത്രീ പിന്നെയും വന്നു. എന്നിട്ട് ഒരു പേപ്പർ എന്റെ വപ്പിടെ കയ്യിൽ കൊടുത്തിട്ട് എന്തോ പറഞ്ഞു. എന്നിട്ട് അവർ എന്നെ ഇങ്കയുമെറ്റർ എന്ന സ്ഥലത്ത് കൊണ്ടുപോയ്. ഒരുപാട് സമയം കഴിഞ്ഞു എന്നെ എന്റെ ഉമ്മയുടെ അടുത്തേക്ക് കൊണ്ട് വന്നു. അപ്പോഴും അവരുടെ മുഖത്ത് ക്ഷീണം തെളിഞ്ഞു നിന്നു.പക്ഷെ അവർ പുഞ്ചിരികുന്നുണ്ടായിരുന്നു.എനി

ഇപ്പോൾ ഇവിടെ അധികം ആരുമില്ല.വീണ്ടും ആ പെട്ടിയിൽ ഇരുന്ന് ആ സ്ത്രീ പറയാൻ തുടങ്ങി.

കടുവായിൽ ഏട്ടുവായസുകരിയെ നിഷ്ടൂരമായി കൊന്ന സംഭവം;കുട്ടിയെ പീഡിപ്പിച്ചത് പുജാരിയും ഒരു പോലീസും പ്രായപൂർത്തിയാകാത്ത പയ്യനം.പെണ്കുട്ടി മുസ്ലിം അയതാണ് കാരണം."

പടച്ചവനേ...........

ഞാനും ഒരു പെണ്ണാന്നല്ലോ.....

ഞാൻ ഇന്ന് ആദ്യം കണ്ടത് എന്നെ കുളിപ്പിച്ചതും എന്റെ വിശപ്പകറ്റിയതും ഒരു പെണ്ണ തന്നെ അല്ലെ ഞാൻ ഇപ്പൊ കിടക്കുന്നത് ഒരു പെണ്ണിന്റെ മണം പറ്റിയും........

പടച്ചവനേ......

വേണ്ടിയിരുന്നില്ല.......

എന്നെ ഇങ്ങോട്ട് അയക്കേണ്ടിയിരുന്നില്ല......

ഫാത്തിമ

നസ്‌ലി 10 B

# ജ്ഞാനത്തിന്റെ ഉറവിടം

പുസ്തകതാളുകൾ മറിക്കവേ
ഓരോ അക്ഷരങ്ങൾ വായിക്കവേ
അറിവിന്റെ അഗാധത്തിലേക്ക്
നമ്മെ നയിക്കുന്ന ഒരു
ചെറു വഞ്ചിയാകുന്നു പുസ്തകം
അതിൽ പേറി നാം സഞ്ചരിക്കവേ
എത്തിപ്പെടുന്നതല്ലോ ഒരു
അറിവിൻ തുരുത്തിൽ !




തുരുത്തിലാണേൽ വിജ്ഞാന ജ്വാല-
തൻ പ്രകാശ പൂരിതമാം വെളിച്ചത്തിൽ
ഇമചിമ്മാതെ അറിവ് ജ്ഞാനസ്ഥ-
മാകുന്ന കുഞ്ഞു കിടാങ്ങൾ
നമേവരും ഒത്തുചേർന്ന് ഒരു
പുസ്തക വഞ്ചിയിൽ യാത്രചെയ്യാം
അറിവിൻ ലോകത്തെ നാമേവരും
ചേർന്ന് സ്വന്തമാക്കാം

# Wow................



**CaLaNdErRRRR..........MAGIC**

| | | | | | | |
|---|---|---|---|---|---|---|
| **sun** | **mon** | **tue** | **wed** | **thu** | **fri** | **sat** |
| | | | $x^0$ | $\sqrt[3]{8}$ | **√81-6** | $2^2$ |
|  | 3! | 49/7 | $2^3$ | 0.5x18 | $3^2+1$ | √121 |
| $3^2+3$ | 10x2-7 | 7% of 200 | $\sqrt{196}+1^2$ | $4^2$ | $\mathbf{2^4+0!}$ | $3^3-3^2$ |
| 6×3+1 | $5^2-5$ | 7×3 | 4!-2 | $6^2-13$ | 24+0 | $5^2\times1^2$ |
| $51-5^2$ | $3^3$ | $\mathbf{2^5-2^2}$ | 13x2+3 | $6^2-6$ | $\sqrt{900}+1^2$ | |

**എപിജെ അബ്ദുൾകലാം**



ഇന്ത്യയിൽ തമിഴ്നാട്ടിലെ രാമേശ്വരം എന്ന ചെറിയ ഗ്രാമത്തിൽ 1931 ഒക്ടോബര് 15 ജനിച്ചു .അവുൽ പാകിർ ജൈനുൽ ആബിദീൻ അബ്ദുൽ കാലം ഇന്ത്യയിലെ കോടിക്കണക്കിനു ജനങ്ങൾക്ക് മാതൃകയാണ് .ശാസ്ത്രജ്ഞൻ സാങ്കേതിക വിദഗ്ധൻ എന്നീ നിലകളിൽ പ്രഗത്ഭനായ അദ്ദേഹത്തിന് രാജ്യത്തിൻറെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരത് രത്ന നൽകി ആദരിച്ചിട്ടുണ്ട് .അഗ്നിച്ചിറകുകൾ അദ്ദേഹത്തിന്റെ ഏറെ വായിക്കപ്പെട്ട ഒരു കൃതിയാണ് .ചൃധി ,ആകാശ് ,ത്രിസൂൽ, നാഗ് തുടങ്ങിയ മിസൈലുകളുടെ ഉപജ്ഞാതാവാണ് .ഹൈദരാബാദിൽ

കാർഡിയോ വസ്ക്യൂലർ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.2002 മുതൽ 2007 വരെ ഇന്ത്യൻ പ്രെസിഡന്റായിരുന്നു .ലോകത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു .അദ്ദേഹത്തിന്റെ ജന്മ ദിന യുവജന ദിനമായ ആഘോഷിക്കുന്നു .2015 ജൂലൈ 27 അദ്ദേഹം ഈ ലോകത്തോട് വിടവാങ്ങി .മിസൈൽ മാൻ എന്ന അപരനാമത്തിൽ അറിയപ്പെട്ട അദ്ദേഹത്തിന്റെ ജീവിതം ശാസ്ത്ര പ്രേമികൾക്ക് ഒരു പ്രചോദനമായിരുന്നു.

ഭാരത നക്ഷത്രം
അങ്ങ്  ഈ ഭാരത മണ്ണിൽ
അറിവിൻ വിനയമേ
ഓർമയിൽ നീണാൾ വഴ്ത്തീടും
ഭാരത ചരിത്ര ഗർഭത്തിൽ ......

**വംശനാശം നേരിടുന്ന വന്യജീവികൾ**

1. മലമുഴക്കി വേഴാമ്പൽ
2. കാട്ടുനായ
3. മരനായ
4. നക്ഷത്രയാമ
5. കരിങ്കുരങ്ങ്
6. ഇരുണ്ട വരയണ്ണാൻ
7. കേഴമാൻ
8. കലമാൻ

അമീഷ .IX


K.K.KUNJUPILLA MEMORIAL GOVT.H.S.S. AMBALAPPUZHA
Alappuzha Dist. Panchayath





# Editorial Board

Aisha
Anjaly jayakumar
Farisa.H
Resmi.s
Asna Aslam
Ameesha.G
Sreeparvathy.M.M